"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം - നെടുമങ്ങാട് നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ബിന്ദു എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1568/2025 നമ്പർ കേസിലെ 24.9.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.377/2026/LSGD തീയതി,തിരുവനന്തപുരം, 12-02-2026

---

പരാമർശം:-
1. നെടുമങ്ങാട് നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ബിന്ദു എസ് സമർപ്പിച്ച 04.07.2025 തീയതിയിലെ നിവേദനം (അനക്ഷ്വർ എ 6).
2. ശ്രീമതി ബിന്ദു എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1568/2025 നമ്പർ കേസിലെ 24.9.2025 തീയതിയിലെ ഉത്തരവ്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.10.2025 തീയതിയിലെ LSGD/PD/31376/2025-LL2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുനിസിപ്പൽ കോമൺ സർവ്വീസിൽ നെടുമങ്ങാട് നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ബിന്ദു എസ് സർക്കാരിൽ സമർപ്പിച്ച പരാമർശം 1 അപേക്ഷ പ്രകാരം തിരുവനന്തപുരം നഗരസഭയിൽ സ്ഥലംമാറ്റം അനുവദിച്ച് കിട്ടുന്നതിന് ആവശ്യപ്പെട്ടിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1568/2025 നമ്പർ കേസിലെ 24.9.2025 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷക സർക്കാരിൽ സമർപ്പിച്ച Annexure A6 നിവേദനം പരിശോധിച്ച് അപേക്ഷകയെയും ബന്ധപ്പെട്ട എതിർകക്ഷികളേയും നേരിൽ കേട്ട് ആറ് ആഴ്ചയ്ക്കകം ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി ബിന്ദു എസ് സമർപ്പിച്ച അപേക്ഷ പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ എ **1935/2023** നമ്പർ കേസിലെ **0.11.2023** ലെ ഉത്തരവ് പ്രകാരം തനിക്ക് തിരുവനന്തപുരം നഗരസഭയിൽ സ്ഥലംമാറ്റം നൽകുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും കോട്ടയം നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന തന്നെ നെടുമങ്ങാട് നഗരസഭയിലാണ് സ്ഥലം മാറ്റം നൽകിയതെന്നും തുടർന്ന് **2024, 2025** വർഷത്തെ പൊതുസ്ഥലംമാറ്റത്തിലും തനിക്ക് തിരുവനന്തപുരം നഗരസഭയിൽ മാറ്റം നൽകാതെ തന്നെക്കാൾ അർഹത കുറഞ്ഞവർക്കാണ് മാറ്റം നൽകിയതെന്നും ആയതിനാൽ തനിക്ക് തിരുവനന്തപൂരം നഗരസഭയിൽ സ്ഥലംമാറ്റം അനുവദിച്ച് കിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. ഒ.എ.**1568/2025** നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി **30.10.2025** തീയതിയിൽ പരാതിക്കാരിയായ ശ്രീമതി ബിന്ദു എസ്, മറ്റ് കക്ഷികളായ ശ്രീ പ്രശാന്ത്, സ്മിരീഷ് ലാൽ, ബിസ്മി റാണി, സന്ധ്യ എന്നിവരെ, പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടിൻറെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി.

4. ശ്രീമതി ബിന്ദു എസ്-ന്റെ, നേരിൽ കേട്ട വേളയിലെ വാദങ്ങൾ പ്രകാരം തിരുവനന്തപുരം നഗരസഭയിൽ ഫോർട്ട് സർക്കിളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിക്കവെ **01.02.2023**-ൽ ടിയാൾക്ക് സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയി പ്രമോഷൻ ലഭിച്ച് തിരുവനന്തപുരം നഗരസഭയിൽ നിയമനം ലഭിച്ചതായും, എന്നാൽ അതേ വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവിൽ ടിയാളെ കോട്ടയം നഗരസഭയിലേക്ക് സ്ഥലംമാറ്റി നിയമിക്കുകയുണ്ടായെന്നും അറിയിച്ചു. കോട്ടയം നഗരസഭയിലെ കുമാരനല്ലൂർ സോണൽ ഓഫീസിൽ ജോലി ചെയ്തുവരവേ വ്യക്തിപരമായ അസൗകര്യങ്ങളും കിടപ്പുരോഗി ആയ മാതാവിന്റെ പരിചരണത്തിനുമായി തിരുവനന്തപുരം നഗരസഭയിലേക്ക് ട്രാൻസ്ഫറിന് അപേക്ഷിച്ചതായും, **OA No.1935/2023** ലെ **1.11.2023** തീയതിയിലെ ഉത്തരവു മുഖേന ബഹുമാനപ്പെട്ട ട്രൈബ്യുണൽ രണ്ടാം എതിർകക്ഷിയായ പ്രിൻസിപ്പൽ ഡയറക്ടറിനോട് നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ രണ്ട് ഒഴിവുകൾ ഉണ്ട് എന്നത് കണക്കിലെടുത്ത് പരാതിക്കാരിയുടെ അപേക്ഷ പരിഗണിക്കാനും ഉചിതമായ തീരുമാനം കൈക്കൊള്ളുവാനും നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത ഉത്തരവ് പ്രകാരം ടിയാൾക്ക് സ്ഥലം മാറ്റം ലഭിച്ചില്ലായെന്നും പകരം നെടുമങ്ങാട് നഗരസഭയിൽ ആണ് നിയമനം ലഭിച്ചത് എന്നും അറിയിച്ചു. തുടർന്നും ടിയാളെക്കാൾ ജൂനിയർ ആയിട്ടുള്ള മറ്റു പലർക്കും തിരുവനന്തപുരം നഗരസഭയിൽ നിയമനം നൽകിയെന്നും **2024**ലെ പൊതു സ്ഥലംമാറ്റത്തിലും തിരുവനന്തപുരം നഗരസഭയിൽ

ഒഴിവുകൾ ഉണ്ടായിട്ടും ഇയാളെ പരിഗണിച്ചില്ല എന്നും അറിയിച്ചിരിക്കുന്നു. 2025-ലെ പൊതു സ്ഥലംമാറ്റത്തിലും തിരുവനന്തപുരം നഗരസഭയിലേക്ക് ട്രാൻസ്ഫറിനായി അപേക്ഷിച്ചിരുന്നുവെന്നും, ആദ്യം പ്രസിദ്ധീകരിച്ച കരട് Q-ലിസ്റ്റിലും ഉൾപ്പെട്ടിരുന്നു എങ്കിലും അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ അപേക്ഷകയ്ക്ക് പകരം ശ്രീ പ്രശാന്ത് ആർ. ഒ യെയാണ് അടൂരിൽ നിന്നും തിരുവനന്തപുരം നഗരസഭയിലേക്ക് നിയമിച്ചത് എന്നും അറിയിക്കുകയുണ്ടായി.

5. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 റിപ്പോർട്ട് പ്രകാരം ശ്രീമതി ബിന്ദു എസ്. പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള പ്രശാന്ത് ആർ.ഒ.യുടെ ഒന്നാമത്തെ ഓപ്ഷൻ നെടുമങ്ങാട് നഗരസഭ ആയിരുന്നുവെന്നും നെടുമങ്ങാട് നഗരസഭയിൽ ഒഴിവില്ലാത്തതിനാലാണ് ടിയാളെ ഒന്നാമത്തെ ഓപ്ഷനായ നെടുമങ്ങാട് നഗരസഭയിൽ പരിഗണിക്കാതെ ഒഴിവുണ്ടായിരുന്ന തിരുവനന്തപുരം നഗരസഭയിൽ സ്ഥലംമാറ്റം അനുവദിച്ചത് എന്നും അറിയിച്ചിരിക്കുന്നു. ശ്രീമതി ബിന്ദു എസ് ന്റെ ഇൻസ്റ്റേഷൻ സീനിയോറിറ്റി 409 ദിവസമാണ്. ടിയാളെക്കാളും ഇൻ സ്റ്റേഷൻ സീനിയോറിറ്റി/ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി കൂടുതലുള്ള ജീവനക്കാർക്ക് ആണ് തിരുവനന്തപുരം നഗരസഭയിൽ 2025 അന്തിമ സ്ഥലം മാറ്റ പട്ടിക പ്രകാരം സ്റ്റേഷൻ അനുവദിച്ചിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. ടിയാളുടെ ഇൻസ്റ്റേഷൻ സീനിയോറിറ്റി/ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി മറികടന്ന് തിരുവനന്തപുരം നഗരസഭയിൽ ആർക്കും തന്നെ ട്രാൻസ്ഫർ അനുവദിച്ചിട്ടില്ല എന്നും നിയമനം നൽകാൻ പര്യാപ്തമായ ഒഴിവ് തിരുവനന്തപുരം നഗരസഭയിൽ ഇല്ലാത്തതിനാലാണ് ശ്രീമതി ബിന്ദുവിനെ നഗരസഭയിൽ സ്ഥലംമാറ്റം അനുവദിക്കാതിരുന്നത് എന്നും ഒഴിവ് ലഭ്യമാകുന്ന മുറക്ക് അർഹത പരിശോധിച്ചു സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ് എന്നും നിലവിൽ സമർപ്പിച്ചിട്ടുള്ള നിവേദനം പരിഗണനാർഹമല്ല എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം ശ്രീമതി ബിന്ദു എസ്. ന്റെ അപേക്ഷയുടേയും നേരിൽ കേട്ട സമയത്തെ വാദങ്ങളുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം തിരുവനന്തപുരം നഗരസഭയിലേക്ക് നിയമനം ലഭിച്ച ശ്രീ. പ്രശാന്ത് ആർ ഒ, ശ്രീ സ്മിരീഷ്, ശ്രീമതി ബിസ്മി റാണി, ശ്രീമതി സന്ധ്യ എന്നിവരുടെ ഇൻ സ്റ്റേഷൻ സീനിയോറിറ്റി/ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി പരിഗണിച്ച് ടിയാളുകൾക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളത് മാനദണ്ഡങ്ങൾ പ്രകാരം ആണ് എന്ന് കാണുന്നതിനാൽ നിലവിലുള്ള നിയമനങ്ങളിൽ മാറ്റം വരുത്തേണ്ടതായി കാണുന്നില്ല.

7.മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിൽ നിലവിലുള്ളതോ/ ഇനി ഉണ്ടാകുന്നതോ ആയ സീനിയർ പബ്ലിക് ഹെൽത്ത്

ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ ഒഴിവിലേക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും അപ്രകാരമുള്ള അർഹതയുടെയും അടിസ്ഥാനത്തിൽ ശ്രീമതി ബിന്ദു എസ്, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-നെ പരിഗണിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിക്കൊണ്ട് അപേക്ഷക സർക്കാരിൽ സമർപ്പിച്ച **Annexure A6** നിവേദനം തീർപ്പാക്കി ഉത്തരവാകുന്നു.

**8.** മേൽ പ്രകാരം **OA No.1568/2025** നമ്പർ കേസിലെ **24.09.2025** തീയതിയിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**LALI K**

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീമതി ബിന്ദു എസ്, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് **II**,
നെടുമങ്ങാട് മുനിസിപ്പാലിറ്റി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 13-02-2026 10:22:03
സെക്ഷൻ ഓഫീസർ